വളരെ അടിയന്തിരം

നം. ഓഡിറ്റ്(2) 56173/11

കൃഷി ഡയറക്ടറാഫീസ്,
തിരുവനന്തപുരം
തീയതി: 30-11-2011

കൃഷി ഡയറക്ടർ

പ്രിൻസിപ്പൽ കൃഷി ഓഫീസർ,

..............................................

സർ,

വിഷയം:- കൃഷി വകുപ്പ്-ജില്ലാ ഓഫീസുകളിലെ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നത്-സ്പെഷ്യൽ ഓഡിറ്റ് ടീം രൂപീകരിക്കുന്നത് സംബന്ധിച്ച്

*************

കൃഷി വകുപ്പിന്റെ ജില്ലാ ഓഫീസുകളുടെ ഓഡിറ്റ് പരിധിയിൽ വരുന്ന ഓഫീസുകളിൽ ഓഡിറ്റ് ജോലികൾ വളരെയധികം കുടിശ്ശികയുണ്ടായിട്ടുണ്ട്. നിലവിലുള്ള ഓഡിറ്റ് സെക്ഷൻ ശക്തിപ്പെടുത്തിയാൽ മാത്രമേ ഇതിന് ശാശ്വതമായ പരിഹാരം കാണാൻ കഴിയുകയുള്ളു. വാർഷിക ഓഡിറ്റ് പൂർത്തിയാക്കുന്നതിന് പുറമേ സർവ്വീസിൽ നിന്നും വിരമിച്ചവരുടേയും വരുന്ന മാർച്ച് മാസത്തിൽ വിരമിക്കാൻ പോകുന്നവരുടെയും ബാദ്ധ്യത/ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകുന്നതിനായി ഓഡിറ്റ് പ്രവർത്തനം വളരെ ഊർജ്ജസ്വലമാക്കേണ്ടതിനാൽ ഇക്കാര്യത്തിൽ സ്പെഷ്യൽ ഓഡിറ്റ് ടീം ജില്ലാ ഓഫീസുകളിൽ രൂപീകരിക്കേണ്ടതാണ്. ഓഡിറ്റ് വിഭാഗത്തിന് പുറമേ മറ്റ് സെക്ഷനുകളുടെ ചാർജ് വഹിക്കുന്ന ജൂനിയർ സൂപ്രണ്ട്മാരുടെ നേതൃത്വത്തിൽ രണ്ടോ മൂന്നോ ക്ലാർക്ക്മാരെ കൂടി ചേർത്ത്, അവരുടെ മറ്റ് ജോലികൾക്ക് തടസ്സം വരാത്ത വിധത്തിൽ കൂടുതൽ ഓഡിറ്റ് ജോലികൾ പൂർത്തിയാക്കേണ്ടതാണ്. ഒരു സ്പെഷ്യൽ ഓഡിറ്റ് ടീം ഒരു മാസത്തിൽ ഒരു ഓഡിറ്റ് എങ്കിലും നടത്തേണ്ടതും റിപ്പോർട്ട് പിറ്റേ ദിവസം തന്നെ അക്കൗണ്ട്സ് ഓഫീസർക്ക് നൽകേണ്ടതുമാണ്.

അതിനാൽ എത്രയും വേഗം സ്പെഷ്യൽ ഓഡിറ്റ് ടീം രൂപീകരിച്ച് റിപ്പോർട്ട് ഡയറക്ടറെ അറിയിക്കുവാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

സീനിയർ ഫിനാൻസ് ഓഫീസർ
കൃഷി ഡയറക്ടർക്കുവേണ്ടി

പകർപ്പ്:- ഡെപ്യൂട്ടി ഡയറക്ടർ (IT)
വെബ് സൈറ്റിന്.

എസ്.ആർ. 01/12